61

# സാത്താനെ പിടിച്ചുകെട്ടൽ

## (20:1-3)

വെളിപ്പാട്, 20 നെ കുറിച്ച് ജി. ബി. കെയിഡ് എഴുതി, "അവിശ്വസനീയ മായ മതഭ്രാന്തുകളുടെ പറുദീസയിലേക്കാണ് നാം എത്തിയിരിക്കുന്നത് ..."[1] "കുക്കിന്റെ കളിസ്ഥലം"[2] എന്നാണ് ആ ഭാഗത്തെ ജോൺ റിസേ വിശേഷി പ്പിച്ചത്. അദ്ധ്യായത്തിൽ പറഞ്ഞ "ആയിരമാണ്ട്" ആണ് കളിസ്ഥലത്തിലെ പ്ര ധാന ഭാഗം. ഫ്രാങ്ക് പാക്ക് പറഞ്ഞു, "ആ ചുരുങ്ങിയ വാക്യങ്ങളെ എടുത്ത് പലരും ബൈബിളിലെ മിക്ക പ്രധാന ഭാഗങ്ങളും എന്തിനേറെ തിരുവെഴുത്തു കൾ മുഴുവനും വ്യാഖ്യാനിക്കുവാൻ തുനിയുന്നു."[3]

വെളിപ്പാട് 20 പ്രാധാന്യമുള്ളതാണ്, എന്നാൽ ആയിരം എന്ന സംഖ്യ ആലങ്കാരികമായി ഉപയോഗിച്ചതിനാലല്ല. "ആയിരാമാണ്ട്" എന്നതിന് ബൈബിളിൽ കൊടുത്തിട്ടുള്ള ഊന്നൽ ശ്രദ്ധിക്കേണ്ടതാ ണ്. ഡഗ്ലസ് എസെൽ പറഞ്ഞതനുസരിച്ച്, ദൈവശ്വാസിയ ചിത്രത്തിന്റെ അവസ്ഥ പലരിലും മാറ്റമുണ്ടാക്കുവാൻ മോഹത്തിന്റെ ഒരു വര മതി യാകും. അദ്ദേഹം പറഞ്ഞു, അത്, "പട്ടിയുടെ വാല് ആട്ടുന്നതുപോ ലെയാണ്."[4]

വെളിപ്പാട് 20 നു ചുറ്റുമുള്ള വിവാദങ്ങൾ കാരണം ഞാൻ ആഗ്രഹിക്കു ന്നതിനേക്കാളധികം സമയം "ആയിരാമാണ്ട് ചോദ്യത്തിന്" ചെലവഴിക്കേ ണ്ടതായി വന്നിട്ടുണ്ട്. അത് അദ്ധ്യായത്തിന്റെ വിജയ സന്ദേശത്തിന് മങ്ങ ലേൽപിക്കുകയില്ല എന്ന് ഞാൻ കരുതുന്നു. "നിങ്ങൾ ഒന്നാം-നൂറ്റാണ്ടിലെ കണ്ണാടിയിൽ കൂടെ നോക്കിയാൽ, ഇത് ബൈബിളിൽ വെച്ച് എളുപ്പത്തിൽ മനസിലാക്കുവാൻ പറ്റുന്ന ഭാഗമാണ്."[5] എന്ന് ഡബ്ലിയു ബി. വെസ്റ്റ്. ജൂനി യർ പറഞ്ഞു. അതിശയോക്തിപരമായി അദ്ദേഹം പറഞ്ഞതാകാം; എന്നാൽ നാം പഠിച്ചുകൊണ്ടിരിക്കുന്ന തത്വങ്ങളനുസരിച്ച് നോക്കിയാൽ ആ വേദഭാഗം മനസിലാക്കുവാൻ ചിലർ വിചാരിക്കുന്നതുപോലെ അത്ര പ്രയാസമുള്ളതല്ല എന്നു കാണാം.

ഈ പാഠത്തിൽ, ആ തത്വങ്ങളിൽ ചിലത് ഓർപ്പിക്കുവാൻ ആഗ്രഹി ക്കുന്നു. ഇല്ലെങ്കിൽ 1 മുതൽ 3 വരെയുള്ള വാക്യങ്ങളിൽ സാത്താനെ പി ടിച്ചചുകെട്ടുന്ന ഭാഗം വരുമ്പോൾ നാം വിഷമിക്കും.

### പശ്ചാത്തലം

**ഭാഷ ഇപ്പോഴും ആലങ്കാരികമാണ്**

ആദ്യമായി, നാം പഠിക്കുന്നത് ഒരു അപോകാലിപ്റ്റിക് പുസ്തകമാണ് എന്നോർക്കുക, അതിൽ അടയാളങ്ങളിൽകൂടെയാണ് സന്ദേശം വ്യക്തമാക്കു ന്നത്.[6] ജിം മെക്ഗ്വിഗിൻ ചൂണ്ടിക്കാട്ടിയതുപോലെ, "നാം നോക്കുന്നത് ചിത്ര ങ്ങളാണ്" എന്ന് ഓർക്കുകയും - ചിത്രങ്ങളിൽ ഓരോന്ന് നോക്കുമ്പോഴും നാം പറയണം, "അത് ചിത്രമാണ്, എന്നാൽ അത് എന്ത് സത്യമാണ് പഠിപ്പി

ക്കുന്നത്?"[7] ഇത് സംബന്ധിച്ച്, വെളിപ്പാട് 20 വെളിപ്പാടിലെ മറ്റ് അദ്ധ്യായങ്ങളിൽനിന്ന് വ്യത്യസ്തമല്ല.

**കാലനിർണ്ണയം ഇപ്പോഴും യാദൃശ്ചികം**

അടുത്തത്, വെളിപ്പാട് കാലനിർണ്ണയം കൃത്യമായി പാലിക്കുന്നില്ല എന്നോർക്കുക. പുസ്തകം ആരംഭം മുതൽ അവസാനം വരെ കാലനിർണ്ണയപ്രകാരമുള്ള*തല്ല*.[8] ഉദാഹരണത്തിന്, വെളിപ്പാട് പകുതിയെത്തിയപ്പോഴാണ് യേശുവിന്റെ ജനനത്തെ കുറിച്ച് പറയുന്നത്.[9] വാസ്തവത്തിൽ, പുസ്തകത്തിൽ അല്പ വ്യത്യാസത്തിൽ, അടിസ്ഥാനപരമായി ഒരേ കാലയളവിൽ തന്നെ കാര്യങ്ങൾ പലതും പറയുന്നുണ്ട്. മുൻപ് നൽകിയ ബാഹ്യരൂപരേഖ നോക്കിയാൽ,[10] അദ്ധ്യായം 17 മുതൽ 19 വരെ ഒരു ഭാഗമായി പറയാം ("സഭയുടെ മിക്ക ശത്രുക്കളെയും നശിപ്പിച്ചു"), എന്നാൽ 20 മുതൽ 22 വരെയുള്ള അദ്ധ്യായങ്ങളിൽ പുതിയ ഭാഗം ആരംഭിക്കുന്നു ("സർപ്പത്തെ നശിപ്പിക്കുന്നതും തുടർന്ന് പുതിയ ആകാശവും പുതിയ ഭൂമിയും"). മറ്റൊരു വാക്കിൽ പറഞ്ഞാൽ, അദ്ധ്യായം 20-ൽ നാം ഒന്ന് എന്ന് തുടങ്ങുകയാണ് (കാലനിർണ്ണയം).

എന്തുകൊണ്ടാണ് അത് പ്രാധാന്യമുള്ളതാകുന്നത്?അത് ചിലർ (സിദ്ധാന്തക്കാർ) കരുതുന്നത് കാലനിർണ്ണയപ്രകാരം അദ്ധ്യായം 19 നു മുമ്പാണ് അദ്ധ്യായം 20 വരേണ്ടത്. ഉദാഹരണത്തിന്, അദ്ധ്യായം 19 ന്റെ അവസാനം രണ്ടാം വരവിനെ കുറിച്ച് പറയുന്നു, കാലനിർണ്ണയപ്രകാരം പിന്നീടാണ് അദ്ധ്യായം 20-ൽ സാത്താനെ പിടിച്ച് കെട്ടുന്നത്. അതിനു ശേഷമാണ്, ആയിരാമാണ്ട് വാഴ്ച്ചയും, "അൽപകാലം" കഴിഞ്ഞുള്ള ന്യായവിധിയും (20:3; കെജെവി), എങ്ങനെയായാലും, വേദഭാഗം ഇതിനെ സാധൂകരിക്കുന്നില്ല.[11]

കാലനിർണ്ണയപ്രകാരം അദ്ധ്യായം 19 നു ശേഷമാണോ 20 വരേണ്ടത് എന്നതിനെ കുറിച്ച്, ഇതാ ഒരു പോയിന്റ്. അദ്ധ്യായം 19-ൽ, "ചെറിയവരും വലിയവരുമായ *എല്ലാവ*രുടേയും മാംസം തിന്നുവാൻ ..." പക്ഷികളെ ക്ഷണിച്ചു (19:18; എംഫസിസ് മൈൻ), അവർ അങ്ങനെ ചെയ്യുകയും ചെയ്തു (19:21). "എല്ലാവരും" നശിപ്പിക്കപ്പെടുകയും അദ്ധ്യായം 20 നു ശേഷം 19 വരികയാണെങ്കിൽ, കാലനിർണ്ണയപ്രകാരം സാത്താനെ പിടിച്ചുകെട്ടുമ്പോൾ ഉണ്ടായിരുന്ന "ജാതികൾ"എവിടെനിന്ന് (20:3)?[12]

**ഊന്നൽ ഇപ്പോഴും ശത്രുക്കളിന്മേലുള്ളവിജയം ആണ്**

വേദഭാഗം മൂർദ്ധന്യാവസ്ഥയിലെത്തിയിരിക്കുന്നു. കുഞ്ഞാടിന്റെ ശത്രുക്കളെ ഈ ക്രമത്തിലാണ് പറഞ്ഞിരിക്കുന്നത്: സർപ്പം, രണ്ടു മൃഗങ്ങൾ, മഹതിയാം ബാബിലോൻ. തിരിച്ചുള്ള ക്രമത്തിലായിരുന്നു അവയുടെ നാശം.: അദ്ധ്യായം 17 ലും 18 ലും മഹതിയാം ബാബിലോൻ. രണ്ട് മൃഗങ്ങൾ അദ്ധ്യായം 19 ലൂം. അത് സർപ്പത്തിന്റെ വീഴ്ച്ചക്കുള്ള സമയമായിരുന്നു. അവൻ വീഴേണ്ടത് *ആവശ്യമായിരുന്നു*. മറ്റു ശത്രുക്കളുടെ ശക്തി അവനായിരുന്നു. അവനെ കൂടെ നിയന്ത്രിക്കുന്നതുവരെ വലിയ നേട്ടമൊന്നും കൈവരിക്കുവാൻ അവന് കഴിഞ്ഞിരുന്നില്ല. ശിക്ഷ ഒഴിവാക്കുവാൻ അവനെ അനുവദിച്ചാൽ അവൻ പുത്രിയ തന്ത്രങ്ങൾ മെനഞ്ഞ് ദൈവജനത്തെ ഉപദ്രവിക്കും.

റേ സമ്മേഴ്സ് പറഞ്ഞു "*സാത്താനെ മറിച്ചിടുന്നതും*, ആയിരം ആണ്ട്

വാഴ്ച്ചയുമല്ല ആദ്യത്തെ പത്ത് വാക്യങ്ങളിലെ മുഖ്യ വിഷയം."[13] "ആയിരാമാണ്ട്" എന്ന അലങ്കാരം ഇവിടെ യാദൃശ്ചികമായി വന്നതാണ്.

അദ്ധ്യായം 20 എത്ര ആവേശകരവും പ്രാധാന്യമർഹിക്കുന്നതുമാണെന്ന് വിശദമാക്കുവാൻ മതിയായ വാക്കുകൾ എനിക്ക് കിട്ടിയിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു – അവിടെ ആയിരാമാണ്ട് എന്നു പറയുന്നതുകൊണ്ടല്ല, പിന്നെയോ, അത് സാത്താന്റെ നാശത്തെ അറിയിക്കുന്നതിനാലാണ്: സാത്താൻ ആദ്യം ഹവ്വയെ വഞ്ചിച്ച് ലോകത്തിലേക്ക് ശാപം കൊണ്ടുവന്നു (ഉൽപത്തി 3; 2 കൊരിന്ത്യർ 3:11): ലോകത്തിലെ സകല പാപങ്ങൾക്കും വേദനകൾക്കും കാരണം സാത്താനാണ്. നൂറ്റാണ്ടുകളായി തലമുറകൾ തോറും ആളുകളെ നാശത്തിലേക്ക് *നയിച്ചു*കൊണ്ടിരിക്കുന്നവനായിരുന്നു സാത്താൻ. നമ്മുടെ സ്വന്ത ജീവിതങ്ങളിലേക്ക് ലജ്ജയും കുഴപ്പവും കൊണ്ടുവന്നവനാണ് സാത്താൻ. ഭയങ്കരവും, ഭീതിയുണർത്തുന്നതുമായ വികൃത ജീവിയാണ് സാത്താൻ, അവനെ ഒരിക്കൽ കർത്താവിനെ അനുഗമിക്കുന്നവരിൽനിന്ന് നീക്കം ചെയ്യും! "അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്ക് തള്ളിയിടും. അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം അനുഭവിക്കും" (20:10).

## മൊത്തത്തിലുള്ള പ്രതീതി ഇപ്പോഴും പ്രാധാന്യമുള്ളതാണ്

അദ്ധ്യായത്തിൽ പ്രയാസമുള്ള ഭാഗങ്ങളുണ്ട് എന്ന് പറഞ്ഞില്ലെങ്കിൽ, ഞാൻ ആത്മാർത്ഥതയിൽ കുറവുള്ളവനായി തീരുമെന്ന് സമ്മതിക്കുന്നു. അതിലൊന്ന്, "ആയിരാമാണ്ട് വാഴ്ച്ചക്കു ശേഷം സാത്താനെ അഴിച്ചു വിടുന്നതാണ്" (20:7; വാ. 3 നോക്കുക), ഒരാൾ അദ്ധ്യായത്തെ ഏതു വിധത്തിൽ നോക്കിയാലും, പ്രയാസങ്ങളുണ്ട് എന്നു സമ്മതിക്കണം. എങ്ങനെയായാലും, ഏത് അദ്ധ്യായത്തെ കുറിച്ചായാലും വാസ്തവമല്ലേ? വെളിപ്പാടിലെ ഏതൊരു വേദഭാഗത്തെയും വിശദാംശങ്ങൾ, അടിസ്ഥാന സന്ദേശത്തിന് മങ്ങലേൽപിക്കുന്നില്ല എന്ന് ഞാൻ ഒരിക്കൽ കൂടെ പറയട്ടെ.

ഒരു നിമിഷം, അദ്ധ്യായം 20 വെച്ച് ചിന്തിക്കുക. അവിടെ എന്തു സന്ദേശമാണ് കാണുന്നത്? തീർച്ചയായും ഇതായിരിക്കും: കുഞ്ഞാടിനെ അനുഗമിക്കുന്നവർ വിജയിക്കും, എന്നാൽ സാത്താനെ അനുഗമിക്കുന്നവർ പരാജയപ്പെടും! തൽക്കാലം, ചങ്ങലകളെയും, കല്ലുകളെയും, കാലയളവുകളെയും നമുക്ക് മറക്കാം. ഈ ചിന്ത നിങ്ങളുടെ മനസിൽ സൂക്ഷിക്കുക: *കുഞ്ഞാടിനെ അനുഗമിക്കുന്നവർ ജയിക്കും, എന്നാൽ സാത്താനെ അനുഗമിക്കുന്നവർ പരാജയപ്പെടും!* അതാണ് അദ്ധ്യായം 20 ൽനിന്ന് നിങ്ങൾ അറിയണമെന്ന് ദൈവം ആഗ്രഹിക്കുന്നത്. ഒന്നാം നൂറ്റാണ്ടിൽ അത് പ്രാധാന്യമുള്ള സന്ദേശമായിരുന്നു. ഇന്നും അത് പ്രാധാന്യമുള്ളതാണ്.

### പിടിച്ചുകെട്ടൽ (20:1-3)

ആ ചിന്ത മനസിൽ വെച്ച്, നമുക്ക് 20:1–3 നോക്കാം. ആ വാക്യങ്ങൾ പഠിക്കുമ്പോൾ നാം മുൻപ് മനസിലാക്കിയ പല തത്വങ്ങളും അവിടെ ഉപയോഗിച്ചിരിക്കുന്നതു കാണാം.

അദ്ധ്യായം 20 തുടങ്ങുന്നു, "അനന്തരം[14] ഒരു ദൂതൻ[15] അഗാധത്തിന്റെ താക്കോലും, ഒരു വലിയ ചങ്ങലയും[16] കയ്യിൽ പിടിച്ചുകൊണ്ട്, സ്വർഗത്തിൽനി

ന്നു ഇറങ്ങുന്നത് ഞാൻ കണ്ടു" (വാ. 1). അഗാധകൂപം എന്നതിനെ (ചിലപ്പോൾ "അടിഭാഗമില്ലാത്ത കുഴി" എന്നും അർത്ഥമാക്കുന്നു) അത് ഇക്കാലത്തെ ദുഷ്ടന്മാരുടെ ആലങ്കാരിക വാസ സ്ഥാനമത്രെ.[17] അഗാധകൂപം നരകമല്ല. ഈ അദ്ധ്യായം വാക്യം 10 വരുന്നതുവരെ സാത്താനെ നിത്യമായ ഗന്ധക പ്പൊയ്കയിലേക്ക് തള്ളിയിടുന്നില്ല.

നാം അഗാധകൂപത്തെ ആദ്യമായി വായിക്കുന്നത്, അദ്ധ്യായം 9-ൽ, ഒരു നക്ഷത്രം ഭൂമിയിലേക്ക് വീഴുകയും "അഗാധകൂപത്തിന്റെ താക്കോൽ നൽകു കയും ചെയ്തപ്പോഴാണ്" (9:1). ആ "നക്ഷത്രം" (ഒരു ദൂതൻ ആയിരിക്കാം?) അഗാധകൂപം തുറന്നപ്പോൾ, ദണ്ഡിപ്പിക്കുന്ന വെട്ടുക്കിളികൾ പ്രത്യക്ഷമാ യി. അദ്ധ്യായം 20 ലെ ദൂതനാകാം അദ്ധ്യായം 9 ലെ "നക്ഷത്രം" അല്ലെങ്കിൽ അല്ലായിരിക്കാം. അവൻ ആരായിരുന്നാലും, അവൻ ദൈവത്തിന്റെ സന്ദേശ വാഹകനും, ദൈവത്തിന്റെ ദൗത്യനിർവ്വഹണത്തിന് പ്രാപ്തനുമായിരുന്നു. പി ശാചിനെ കീഴ്പ്പെടുത്തുക എന്നതായിരുന്നു അവന്റെ ദൗത്യം.

മാന്യമായ പരാജയങ്ങളും. ലജ്ജിപ്പിക്കുന്ന പരാജയങ്ങളുമുണ്ട്. ദർശ നത്തിൽ സാത്താനെ ആ വിധത്തിലായിരുന്നില്ല കണ്ടത്, അവൻ ലജ്ജിപ്പി ക്കപ്പെട്ടിരുന്നു. എങ്ങനെയായാലും, അവന്റെ വീരസ്യം (ആകാശത്തുള്ള നക്ഷത്രങ്ങളെ വാൽകൊണ്ട് ചുരുട്ടി ഭൂമിയിലേക്ക് എറിയുന്നത് മുതലായവ [12:4], അങ്ങനെ പലതും), അങ്ങനെയുള്ളവനെ പേർ പറയാത്ത ഒരു ദൂതൻ കീഴ്പ്പെടുത്തി!

**ആലങ്കാരിക ചങ്ങലയും താക്കോലും**

ദൂതന്റെ കയ്യിൽ "അഗാധകൂപത്തിന്റെ താക്കോൽ" ഉണ്ടായിരുന്നത് സൂചിപ്പിക്കുന്നത്, അവന് അതിന്മേൽ അധികാരം ഉണ്ടായിരുന്നു എന്നാണ്: അടക്കുവാനും തുറക്കുവാനുമുള്ള അധികാരം.[18] പുറമെ, സാത്താനെ പി ടിച്ചു കെട്ടുവാൻ അവന്റെ കയ്യിൽ വലിയ ഒരു ചങ്ങലയുമുണ്ടായിരുന്നു. തടവുകാരെ നിയന്ത്രിക്കുവാൻ റോമാക്കാർ ഉപയോഗിച്ചിരുന്നത് അത്തരം ചങ്ങലയായിരുന്നു (ഇതേ വാക്കാണ് പ്രവൃത്തികൾ 12:7; 28:20-ൽ).

നമുക്ക് നിന്ന് ചോദിക്കാം, "ആ താക്കോൽ അക്ഷരികമാണോ? ചങ്ങല അക്ഷരികമാണോ?" വെസ്റ്റ് ഈ ചോദ്യങ്ങൾ ചോദിച്ചിരിക്കുന്നു: "അവ അക്ഷരികമായിരുന്നുവെങ്കിൽ, ഏതു തരത്തിലുള്ള താക്കോലും ചങ്ങലയു മായിരുന്നു? അവ ഇരുമ്പുകൊണ്ടുള്ളതോ? അതോ വെള്ളികൊണ്ടുള്ളതോ? അതോ സ്വർണ്ണം കൊണ്ടുള്ളതോ? അതോ മരം കൊണ്ടുള്ളതോ? അല്ലെങ്കിൽ എതു തരത്തിലുള്ളത്?"[19] ആദ്യത്തെ മൂന്നു വാക്യങ്ങളെ സംബന്ധിച്ച് ഇതുപോ ലെയുള്ള ചോദ്യങ്ങൾ വർദ്ധിപ്പിക്കാവുന്നതാണ്: അഗാധകൂപം, തറയിൽനി ന്ന് വളരെ ആഴത്തിലുള്ള കുഴി ആയിരുന്നോ? സർപ്പം അസ്ഥിയും മാംസവു മുള്ള ഒരു ജീവിയായിരുന്നോ? നാം കൈകാര്യം ചെയ്യുന്നത്, ആലങ്കാരിക അപോകാലിപ്റ്റിക് ഭാഷയാണ് എന്ന് ഓർപ്പിക്കട്ടെ.

സാഹിത്യകാരന്മാർ (പ്രത്യേകിച്ച് ആയിരാമാണ്ട് വാഴ്ച്ച വാദക്കാർ) പ റയു ന്നത്, വെളിപ്പാടിലെ വാക്കുകൾ ഉപയോഗിക്കുന്നവർ "ആത്മിയവൽക്ക രിക്കുന്നവരും" നിന്ദാശീലത്തോടെ സംസാരിക്കുന്നവരുമാണെന്നാണ്. തങ്ങൾ മാത്രമാണ് "തിരുവെഴുത്തുകളെ അക്ഷരികമായി" എടുക്കുന്നത് എന്ന് അവർ നിഗളഭാവത്തോടെ പറയും. എങ്ങനെയായാലും, സത്യവസ്തുത എന്തെന്നാൽ വെളിപ്പാടിൽ അവരുടെ സിദ്ധാന്തത്തിന് യോജിക്കാത്തതെന്തും ആത്മിയമാ

ക്കുവാൻ അവർക്ക് മടിയില്ല. താക്കോൽ സാധാരണ പൂട്ടിന്[20] ഉപയോഗിക്കാവുന്നതല്ല എന്നും, ചങ്ങല ഇരുമ്പ് കൊണ്ടുള്ളതല്ല, അഗാധകൂപം അടിയില്ലാത്ത കുഴിയുമല്ല എന്ന് അവർ സമ്മതിക്കും.

നമുക്ക് സംഭവത്തിലേക്ക് തിരിച്ചുവരാം: "അവൻ പിശാചും സാത്താനുമെന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ചു" (വാ. 2). പ്രതിയോഗിയെ തിരിച്ചറിയുവാൻ നമുക്ക് പ്രയാസമില്ല. 12:9-ൽ അവനെ അതേ പ്രയോഗത്തിൽ നാം തിരിച്ചറിഞ്ഞിട്ടുണ്ട്. അവൻ "മിഖായേലുമായുള്ള യുദ്ധത്തിൽ പരാജയപ്പെട്ടവനാണെന്ന് നമ്മോട് പറഞ്ഞു കഴിഞ്ഞു (12:7, 8), അവൻ ജലപ്രളയത്താൽ മശിഹാ സമൂഹത്തെ മുക്കിക്കളയുവാൻ ശ്രമിച്ചിരുന്നു (12:15), തന്റെ സമയം ചുരുക്കമാണെന്ന് പിശാചിന് അറിയാമായിരുന്നു (12:12)."[21]

## ആലങ്കാരികമായ ആയിരാമാണ്ട്

ദൂതൻ സാത്താനെ പിടിച്ച ശേഷം, "അവനെ ആയിരമാണ്ട് കഴിയുവോളം പിടിച്ചു പൂട്ടി" (വാ. 2). ഇവിടെ ആദ്യമായാണ് പ്രസിദ്ധമായ (അല്ലെങ്കിൽ കുപ്രസിദ്ധമായ) "ആയിരാമാണ്ട് വാഴ്ച്ച" കാണുന്നത്. ഇതിനെ അടുത്ത രണ്ട് പാഠങ്ങളിൽ ഞാൻ ദീർഘമായി ചർച്ച ചെയ്യുന്നതാണ്, പക്ഷെ ഞാൻ ഒരു പ്രധാനപ്പെട്ട ചോദ്യം ചോദിക്കട്ടെ: ഇത് അക്ഷരികമായ ആയിരം വർഷമാണോ? അഗാധകൂപവും, താക്കോലും, ചങ്ങലയും. സർപ്പവും അക്ഷരികമല്ലെങ്കിൽ എന്തടിസ്ഥാനത്തിലാണ് ആയിരാമാണ്ട് അക്ഷരികമാകുന്നത്? വെളിപ്പാടിൽ നാം ഇതുവരെ നൂറു കണക്കിന് ആലങ്കാരിക സംഖ്യകൾ കാണുകയുണ്ടായി. 1:4-ൽ "ഏഴ്" ആലങ്കാരികമാണ്, അല്ലാതെ ഏഴ് പരിശുദ്ധാത്മാവില്ല എന്ന് നാം പറയുകയുണ്ടായി. സ്വർഗത്തിൽ പോകുന്നത് അക്ഷരികമായി 144,000 പേരല്ല, ആ സംഖ്യ (അദ്ധ്യായം 7 ലും 14 ലും ഉപയോഗിച്ചതുപോലെ) രക്ഷിക്കപ്പെട്ട *എല്ലാ*വരെയും ആലങ്കാരികമായി പറഞ്ഞിരിക്കയാണ്. ആ സംഖ്യകൾ ഉപയോഗിച്ചിരിക്കുന്നത് ആലങ്കാരികമാണെങ്കിൽ, അദ്ധ്യായം 20 ലെ "ആയിരാമാണ്ട്" മാത്രം എന്തുകൊണ്ട് അക്ഷരികമായി എടുക്കുന്നു?[22] തോമസ് ടൊറാൻസ് എഴുതി,

> പത്തു-തലയും ഏഴ്-കൊമ്പും ഉള്ള വിചിത്രമായ ജിവിയെ അക്ഷരികമായി നമുക്ക് എടുക്കുവാൻ അവകാശമില്ലാത്തതുപോലെ, ആയിരമാണ്ടും നമുക്ക് അക്ഷരികമായി എടുക്കുവാൻ അവകാശമില്ല. അങ്ങനെ എടുത്താൽ അത് അസ്ഥാനത്താകും. ... അപോകാലിപ്റ്റിക് ഏർപ്പാടിൽനിന്ന് ആയിരാമാണ്ട് അടർത്തി മാറ്റിയും, ലോക കണക്കനുസരിച്ച് കണക്ക് കൂട്ടി ... ലോകാവസാനം തിട്ടപ്പെടുത്തുന്നതുമെല്ലാം വചനത്തെ ദുർവിനിയോഗം ചെയ്യലാണ്.[23]

"ആയിരം" എന്ന സംഖ്യ ആലങ്കാരികമാണെങ്കിൽ, (മറ്റൊരു വിധത്തിൽ ചിന്തിക്കുവാൻ കാരണം ഒന്നും കാണുന്നില്ല), അത് എന്തിനെയാണ് അലങ്കാരമാക്കുന്നത്? വെളിപ്പാടിന്റെ ആമുഖത്തിൽ, "പത്ത്" എന്ന സംഖ്യ പൂർണ്ണതയെ കാണിക്കുന്നു എന്ന് നാം കണ്ടു - ഒരുപക്ഷെ ഒരാളുടെ കൈക്ക് പത്ത് വിരലുകളുള്ളതുപോലെ ആകാം. അതുപോലെ പത്തിന്റെ ഗുണനമായി (നൂറു അല്ലെങ്കിൽ ആയിരം) ആശയത്തെ വിപുലപ്പെടുത്തുകയും ചെയ്യാം.[24] "ആയിരം" എന്നു പറയുന്നത് (പത്ത് ഗുണം പത്ത് ഗുണം പത്ത് ആണ്), അർത്ഥം, "പൂ

ർണ്ണതയുടെ പൂർണ്ണതയുടെ പൂർണ്ണത."[25] സാത്താനെ "ആയിരമാണ്ട് കഴിയുവോളം" പിടിച്ചുപൂട്ടി എന്നതിന്റെ ആലങ്കാരിക അർത്ഥം അവനെ *പൂർണ്ണമായി* ബന്ധിച്ചു എന്നാണ്.

**ആലങ്കാരിക കെട്ടൽ**

അവസാന പ്രസ്താവനയെ കുറിച്ച് നാം എന്തെങ്കിലും ഒരു തീർപ്പിലെത്തുന്നതിന് മുൻപ്, "കെട്ടൽ" സംഭവിച്ചുകഴിഞ്ഞോ അതോ ക്രിസ്തു മടങ്ങി വരുമ്പോൾ സംഭവിക്കുവാനിരിക്കുന്നതാണോ എന്ന് ചിന്തിക്കണം. സാത്താനെ ബന്ധിക്കുന്നതിനെ കുറിച്ച് മറ്റൊരു ഭാഗത്തുള്ളത്, മത്തായി 12 ലാണ് (കൂടാതെ ഒത്തുവാക്യങ്ങളായി മർക്കൊസ് 3 ഉം ലൂക്കൊസ് 11 ഉം). അത് യേശു പിശാചിനെക്കൊണ്ട് ഭൂതത്തെ പുറത്താക്കി എന്ന് കുറ്റം ആരോപിച്ച സന്ദർഭമായിരുന്നു. തന്റെ ഉത്തരത്തിൽ അവൻ ചോദിച്ചു, "ബലവാനെ പിടിച്ചുകെട്ടിയിട്ടല്ലാതെ, അവന്റെ വീട്ടിൽ കടന്ന് അവന്റെ കോപ്പ് കവർന്നു കളവാൻ എങ്ങനെ കഴിയും? പിടിച്ചു കെട്ടിയാൽ പിന്നെ വീട് കവർച്ച ചെയ്യാം" (മത്തായി 12:29). യേശുവിന്റെ ചിത്രീകരണത്തിൽ, "ബലവാനെയും" സാത്താനെയും തമ്മിലും "വീട് കവർച്ച ചെയ്യുന്നതും," ഭൂതത്തെ പുറത്താക്കുന്നതും തമ്മിലും താരതമ്യം ചെയ്യുകയാണ് യേശു തന്റെ ചിത്രീകരണത്തിൽ. ബലവാനെ (അതായത്, സാത്താനെ) പിടിച്ചു "കെട്ടിയതുകൊണ്ടാണ്" യേശുവിന് ഭൂതത്തെ പുറത്താക്കുവാൻ കഴിഞ്ഞത് എന്നാണ് ഈ വേദഭാഗത്തിൽനിന്ന് നാം മനസിലാക്കുന്നത്.

സാത്താനെ "പിടിച്ചകെട്ടൽ" യേശു ജനിച്ചതോടെ ആരംഭിക്കുകയും അവന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയോടെ അത് മൂർദ്ധന്യാവസ്ഥയിലെത്തുകയും ചെയ്തു എന്ന് തിരുവെഴുത്തുകളിൽനിന്നു മനസിലാക്കാം. "വാഗ്ദാനങ്ങളുടെ മാതാവ്" എന്നതിൽ (ഉൽപത്തി 3:15), സ്ത്രീയുടെ സന്തതി (യേശു) പിശാചിന്റെ തല തകർക്കുമെന്നും പിശാച് അവന്റെ കുതികാൽ തകർക്കുമെന്നും നമ്മോടു മുന്നറിയിച്ചിരുന്നു. യേശു ക്രൂശിൽ മരിക്കുകയും ഉയിർക്കുകയും ചെയ്തതിനാൽ പിശാചിന്റെ അധികാരവും ശക്തിയും ഇല്ലാതാക്കുന്ന "ഒരു കൊല്ലുന്ന അടിയായിരുന്നു" അത്. ആ വാഗ്ദാനം നിറവേറ്റുന്നതാണ് മത്തായി 12 ഉം അതുപോലെയുള്ള മറ്റു വേദഭാഗങ്ങളും:

യേശു എഴുപത് ശിഷ്യന്മാരേ അയച്ചശേഷം, അവർ സന്തോഷത്തോടെ മടങ്ങിവന്ന്, പറഞ്ഞു, "കർത്താവേ, നിന്റെ നാമത്തിൽ ഭൂതങ്ങളും ഞങ്ങൾക്ക് കീഴ്പ്പെടുന്നു" (ലൂക്കൊസ് 10:17). അതിന് യേശു പറഞ്ഞു, "സാത്താൻ മിന്നൽപോലെ ആകാശത്ത് നിന്നു വീഴുന്നതു ഞാൻ കണ്ടു" (വാ. 18). കഴിഞ്ഞ പാഠത്തിൽ വിവരിച്ചതുപോലെ, ആ "വീഴ്ച്ച" സാത്താന്റെ ആരംഭത്തെയല്ല സൂചിപ്പിക്കുന്നത്., മറിച്ച്, യേശുവിന്റെ ശിഷ്യന്മാർ ഭൂതങ്ങളെ പുറത്താക്കി തുടങ്ങിയതുമുതൽ സാത്താന്റെ മനുഷ്യരിൽ പ്രവർത്തിക്കുവാനുള്ള ശക്തി കുറഞ്ഞു വരുന്നു എന്നതാണ്.[26] യോഹന്നാൻ 12–ൽ, "ഏതു വിധത്തിലുള്ള മരണമാണ്" തനിക്ക് സംഭവിക്കുക എന്ന് സൂചിപ്പിച്ച് (വാ. 32, 33), അവൻ പറഞ്ഞു, "ഇപ്പോൾ ഈ ലോകത്തിൻെറ പ്രഭുവിനെ പുറത്തു തള്ളിക്കളയും" (വാ. 31). യോഹന്നാൻ 16–ൽ, യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു, "ഈ ലോകത്തിന്റെ പ്രഭു വിധിക്കപ്പെട്ടിരിക്കുന്നു" (വാ. 11).

യേശുവിന്റെ മരണത്തെ കുറിച്ച് പൗലൊസ് എഴുതിയപ്പോൾ (കൊലൊസ്യർ 2:14), "വാഴ്ച്ചകളെയും അധികാരങ്ങളെയും ആയുധവർഗം

വെപ്പിച്ചു" എന്നാണ് പറഞ്ഞത് (വാ. 15). യോഹന്നാൻ പറഞ്ഞു, "പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാനത്രെ മനുഷ്യപുത്രൻ പ്രത്യക്ഷനായത്" (1 യോഹന്നാൻ 3:8). "ജഡരക്തത്തോടുകൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി" എന്നാണ് എബ്രായലേഖകൻ പറയുന്നത് (എബ്രായർ 2:14).

അവസാനമായി, വെളിപ്പാട് 12-ൽ ഒരു വേദഭാഗമുണ്ട്, അവിടെ പറയുന്നത്, പിശാചിനെ താഴേക്ക് തള്ളിയിട്ടു എന്നാണ്, "കുഞ്ഞാടിന്റെ രക്തത്താൽ" വിജയം നേടുകയും ചെയ്തു (വാ. 10, 11).[27] സാത്താന്റെ മേലുള്ള അവന്റെ വിജയം ആരംഭിക്കുന്നത് അവന്റെ ആദ്യ വരവോടുകൂടെയാണ്, അല്ലാതെ അവന്റെ രണ്ടാം വരവിൽ അല്ല. അദ്ധ്യായം ആരംഭിക്കുന്നത്. യേശുവിന്റെ ജനനത്തോടുകൂടിയാണ് (വാ. 1, 5), അത് മൂർദ്ധന്യമാകുന്നത്, യേശുവിന്റെ മരണം, ഉയിർപ്പ്, സ്വർഗാരോഹണം എന്നിവയാലത്രെ (വാ. 5, 11).

"സാത്താനെ ആയിരം ആണ്ട് ... കഴിയുവോളം ബന്ധിച്ചു" എന്നതിന്റെ അർത്ഥം *എന്തായാലും*, യേശുവിന്റെ അവതാരത്തോടെ ആ കാലയളവ് ആരംഭിച്ചിരിക്കയാണ്. അല്ലാതെ യേശു മടങ്ങി വന്ന ശേഷമുള്ള ഒരു ഭാവനയല്ല അത്.

എങ്ങനെയായാലും, സാത്താനെ കെട്ടിയതിനാൽ, നാം ഒന്നും നേടിയില്ല. "കെട്ടുക" എന്നതിന്റെ അർത്ഥം "കഴിവില്ലാതാക്കുക" എന്നായതിനാൽ, സാത്താനെ ഇപ്പോൾ ബന്ധിച്ചിരിക്കുന്നു എന്ന ആശയത്തെ അവർ പരിഹസിക്കയാണ്. ലോകത്തിൽ സാത്താൻ സജീവമായി പ്രവർത്തിക്കുന്നു എന്ന വേദഭാഗങ്ങൾ അവർ എടുത്ത് കാണിച്ച്,[28] ചോദിക്കും, "ലോകത്തിൽ ഇത്രമാത്രം കുഴപ്പങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ, സാത്താനെ ബന്ധിച്ചിരിക്കയാണ് എന്ന് നിങ്ങൾക്ക് എങ്ങനെ പറയുവാൻ കഴിയും?"[29] ഒരു എഴുത്തുകാരൻ പറഞ്ഞു, "സാത്താനെ ബന്ധിച്ചിരിക്കയാണെങ്കിൽ, അത് ഭയങ്കരമായ ഒരു ചങ്ങലയിലായിരിക്കണം!"

"കെട്ടി" എന്നത് ഗ്രീക്കിൽനിന്ന് തർജിമ ചെയ്തതിന്റെ അർത്ഥം, "കഴിവില്ലാതാക്കി" അല്ലെങ്കിൽ "പ്രവർത്തനശേഷിയില്ലാതാക്കി" എന്നല്ല. ഇതേ വാക്കാണ് പൗലൊസിനെ ചങ്ങലയാൽ ബന്ധിച്ചതിനും ഉപയോഗിച്ചത് (പ്രവൃത്തികൾ 28:20). അവൻ തന്റെ ജീവിതം തുടർന്നുകൊണ്ടിരുന്നു - എങ്കിലും കെട്ടപ്പെട്ടതുകൊണ്ട് - നിയന്ത്രണമുള്ള ജീവിതം നയിക്കുന്നു.[30] വീണ്ടും, അതേ വാക്ക് ആലങ്കാരിക ഭാഷയിൽ റോമർ 7:2-ൽ ഉപയോഗിച്ചിരിക്കുന്നു, അവിടെ പറയുന്നത് "ഭർത്താവ് ജീവിച്ചിരിക്കുവോളം ഭാര്യ ന്യായപ്രമാണപ്രകാരം ബന്ധിക്കപ്പെട്ടിരിക്കുന്നു" എന്നാണ്. "ബന്ധിക്കപ്പെട്ട" സ്ത്രീ എല്ലാവിധത്തിലും നിയന്ത്രിക്കപ്പെട്ടിരുന്നില്ല, എന്നാൽ ചില പ്രത്യേക കാര്യത്തിൽ നിയന്ത്രിക്കപ്പെട്ടിരുന്നു. അവളുടെ ഭർത്താവ് ജിവിച്ചിരിക്കുമ്പോൾ അവൾക്ക് പുനർവിവാഹം ന്യായപ്രമാണം അനുവദിക്കുന്നില്ല (റോമർ 7:3).

"സാത്താനെ കെട്ടുന്നത്" നമ്മുടെ വേദഭാഗം നിർവ്വചിച്ച് ക്ലിപ്തപ്പെടുത്തിയിരിക്കുന്നു: "ഇനി ജാതികളെ വഞ്ചിക്കാതിരിക്കേണ്ടതിനാണ് സാത്താനെ കെട്ടിയത്"[31] എന്ന് വാക്യം 3 പറയുന്നു. "അവനെ തുറന്നു വിട്ടതിനാൽ അവന് ഒരിക്കൽ കൂടെ ജാതികളെ വഞ്ചിക്കുവാൻ കഴിയുന്നു" എന്ന് വാക്യം 8 പറയുന്നു. അപ്പോൾ എല്ലാ അർത്ഥത്തിലും സാത്താൻ ബന്ധിക്കപ്പെട്ടിരുന്നില്ല. ജാതികളെ വഞ്ചിക്കുന്ന കാര്യത്തിലായിരുന്നു ബന്ധിക്കപ്പെട്ടത്.

മുൻപ് നാം മനസിലാക്കിയ വേദഭാഗങ്ങളുമായി ഇത് യോജിക്കുന്നുണ്ടോ

എന്ന് നമുക്ക് നോക്കാം[32] – കൂടാതെ ക്രിസ്തുവിൽ ദൈവത്തിന്റെ നിത്യമായ ഉദ്ദേശത്തെ കുറിച്ചു പറയുന്ന മറ്റു വേദഭാഗങ്ങളും ശ്രദ്ധിക്കാം:

സാത്താൻ മുഖാന്തരമാണ് പാപവും മരണവും, ലോകത്തിലേക്ക് കടന്നുവന്നത്. അവയാൽ പിശാച് മനുഷ്യരിൽ ആധിപത്യം പുലർത്തിക്കൊണ്ടിരുന്നു. എങ്ങനെയായാലും, ദൈവം "സ്ത്രീയുടെ സന്തതിയെ" വാഗ്ദാനം ചെയ്ത് സാത്താന്റെ ശക്തിയെ തകർക്കുമെന്ന് പറഞ്ഞിരുന്നു. ആ "സന്തതി" മുഖാന്തരം സകല ജാതികളും അനുഗ്രഹിക്കപ്പെടുമെന്നും അവൻ പറഞ്ഞിരുന്നു (ഉൽപത്തി 22:18). ആ അവസ്ഥക്കെല്ലാം കാരണം പിശാചായിരുന്നു.

ആ വാഗ്ദാനങ്ങൾ നിറവേറ്റുവാൻ, ദൈവം ഒരു ദേശത്തെ, യിസ്രായേലിനെ വേർപെടുത്തി നിർത്തി (യഹൂദന്മാർ). പഴയനിയമകാലത്ത്, ശേഷിച്ച ലോകത്തെ സ്വാധീനിക്കുവാൻ പ്രത്യേക ശ്രമങ്ങളും നടത്തി; എന്നാൽ അധിക പങ്കും അജ്ഞതയിൽ കഴിയുകയും സാത്താൻ തന്റെ വഴികളുമായി പുരുഷാരത്തെ സ്വാധീനിക്കയും ചെയ്തുകൊണ്ടിരുന്നു.

അവസാനം, യേശു ലോകത്തിലേക്ക് വന്നു. സാത്താന്റെ ശക്തിയെ ഇല്ലാതാക്കുക എന്ന ലക്ഷ്യവുമായാണ് അവൻ വന്നത്. ഇതറിഞ്ഞ്, തന്നെ നശിപ്പിക്കുവാൻ / വന്ന യേശുവിന്റെ പദ്ധതികൾ തുരങ്കം വെക്കുക എന്നതായി സാത്താന്റെ ദൗത്യം. അവൻ അങ്ങനെ ചെയ്തുകൊണ്ടിരുന്നതിനാൽ സാത്താൻ തുടർച്ചയായി പരാജയം നേരിട്ടുകൊണ്ടിരുന്നു: അവൻ നേരിട്ട് യേശുവിനെ പാപം ചെയ്യിക്കുവാൻ ശ്രമിച്ചപ്പോൾ അവൻ പരാജയപ്പെട്ടു (മത്തായി 4). അവൻ പരോക്ഷമായി യേശുവിനെ പാപം ചെയ്യുവാൻ പ്രലോഭിപ്പിച്ചപ്പോൾ അവൻ പരാജയപ്പെട്ടു (മത്തായി 16:23). തന്നെ സഹായിച്ചുകൊണ്ടിരുന്ന ഭൂതങ്ങളെ ക്രിസ്തുവും തന്റെ ശിഷ്യന്മാരും പുറത്താക്കിയപ്പോൾ, അതു തടയുവാൻ അവന് കഴിഞ്ഞില്ല. നിയന്ത്രണ തോന്നൽ അവനെ വിട്ടുപോയി. റോമൻ ക്രൂശിൽ യേശുവിനെ കൊല്ലുവാൻ അവൻ യൂദയെയും യഹൂദപ്രമാണിമാരെയും ഉപയോഗിച്ചു.

യേശുവിന്റെ മരണവും തുടർന്നുണ്ടാകുന്ന ഉയർത്തെഴുന്നേൽപും തന്റെ പരാജയത്തിന് പ്രാഥമികമായി ആക്കം കൂട്ടുമെന്ന കാര്യമാണ് സാത്താൻ തിരിച്ചറിയാതെ പോയത് (അവൻ സർവ്വജ്ഞാനിയല്ല).[33] യേശുവിന്റെ മരണത്താൽ പാപത്തിന്റെ ശക്തി ഇല്ലാതായി; യേശുവിന്റെ ഉയർപ്പ് മരണത്തിന്റെ ശക്തിയെ തകർത്തു. " 'ഹേ മരണമേ നിന്റെ ജയം എവിടെ? ഹേ മരണമേ നിന്റെ വിഷമുള്ള് എവിടെ?' മരണത്തിന്റെ വിഷമുള്ള് പാപം, പാപത്തിന്റെ ശക്തിയോ ന്യായപ്രമാണം. നമ്മുടെ കർത്താവായ യേശുക്രിസ്തുമുഖാന്തരം നമുക്ക് ജയം നൽകുന്ന ദൈവത്തിന് സ്തോത്രം" (1 കൊരിന്ത്യർ 15:55–57)!

യേശുവിന്റെ യാഗത്തിന്റെ പ്രയോജനം യഹൂദന്മാർക്ക് മാത്രമായിരുന്നില്ല, സകല മനുഷ്യർക്കുമായിരുന്നു. അവൻ മുഖാന്തരം അനുസരിക്കുന്ന ഓരോ വിശ്വാസിക്കും സാത്താന്റെ ബന്ധനം പൊട്ടിച്ചെറിയുവാൻ കഴിയും. അതുകൊണ്ട്. ഈ രക്ഷാ സന്ദേശം സകല ജാതികളിലും എത്തിക്കുവാൻ യേശു ശിഷ്യന്മാർക്ക് ആജ്ഞ കൊടുത്തു (മത്തായി 28:18–20). പത്രൊസ് ആദ്യമായി സുവിശേഷം പ്രസംഗിച്ചപ്പോൾ, രക്ഷ യഹൂദന്മാർക്ക് മാത്രമല്ല, "ദൂരസ്ഥന്മാരായ" വിളിച്ചു വേർതിരിക്കുന്ന ഏവർക്കുമുള്ളതാണെന്ന് പറഞ്ഞു (പ്രവൃത്തികൾ 2:39).

സുവിശേഷത്തിന്റെ വ്യാപ്തി തടയുവാൻ സാത്താൻ ക്രിസ്ത്യാനികളെ ഉപദ്രവിക്കുവാൻ തുടങ്ങി, പക്ഷെ അവന്റെ പ്രവൃത്തി തിരിച്ചടിയായി. സുവി

ശേഷം യെരുശലേമിൽ മാത്രം ഒതുങ്ങി നിൽക്കാതെ, ഉപദ്രവം നേരിട്ടപ്പോൾ അതു വളരെ വേഗം വ്യാപിക്കുവാൻ തുടങ്ങി (പ്രവൃത്തികൾ 8:1-4). പിശാചിന്റെ മുഖ്യ ഉപകരണമായിരുന്ന തർസൊസുകാരനായിരുന്ന ശൗലിനെ കർത്താവ് മാറ്റി (പിന്നീട് അവൻ പൗലൊസ് ആയി മാറി) ജാതികളുടെ അടുക്കൽ (യെഹൂദന്മാര-ല്ലാത്തവർ) പോകുവാൻ കൽപന കൊടുത്തു:

> നീ എന്നെ കണ്ടതിനും, ഇനി ഞാൻ നിനക്ക് പ്രത്യക്ഷൻ ആവാനിരിക്കുന്നതിനും നിന്നെ ശുശ്രൂഷകനും സാക്ഷിയും ആയി നിയമിപ്പാൻ ഞാൻ നിനക്ക് പ്രത്യക്ഷനായി. അവർക്ക് പാപമോചനവും എന്നിലുള്ള വിശ്വാസത്താൽ ശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിന്, അവരുടെ കണ്ണ് തുറപ്പാനും, അവരെ ഇരുളിൽനിന്നു വെളിച്ചത്തിലേക്കും *സാത്താന്റെ അധികാരത്തിൽനിന്ന്* ദൈവത്തിങ്കലേക്കും തിരിപ്പാനും ഇപ്പോൾ ഞാൻ നിന്നെ അവരുടെ അടുക്കൽ അയക്കുന്നു എന്ന് കൽപിച്ചു (പ്രവൃത്തികൾ 26:16-18; എംഫസിസ് മൈൻ).

എവിടെയെല്ലാം സുവിശേഷം എത്തിയോ, വചനം കൈക്കൊണ്ട ഹൃദയങ്ങളിൽനിന്നു ഇരുൾ നീങ്ങുകയും വെളിച്ചം പ്രവേശിക്കയും ചെയ്തു (കൊലൊസ്യർ 1:13; 1 തെസലൊനിക്യർ 5:4; 1 പത്രൊസ് 2:9). നൂറുകണക്കിന് - ആയിരക്കണക്കിന് ആളുകൾ "കുഞ്ഞാടിന്റെ രക്തത്താൽ" സാത്താന്റെ മേൽ വിജയം കൈവരിച്ചു (വെളിപ്പാട് 12:11). ഒന്നാം - നൂറ്റാണ്ട് അവസാനിക്കുന്നതിന് മുൻപ് തന്നെ "സുവിശേഷം സകല സൃഷ്ടികളോടും അറിയിച്ചതായി" പൗലൊസ് പറഞ്ഞിരിക്കുന്നു (കൊലൊസ്യർ 1:23). ഒരിക്കലും ഉണങ്ങാത്ത ഒരു മുറിവാണ് സാത്താന് ലഭിച്ചത്. അദ്ധ്യായം 12 പറയുന്നത് ഇപ്പോൾ പോരാടുവാനുള്ളത് മുറിവേറ്റു പരാജയപ്പെട്ട ശത്രുവിനോടാണ്.[34] അതേ സത്യം തന്നെയാണ് അടിസ്ഥാനപരമായി അദ്ധ്യായം 20 പഠിപ്പിക്കുന്നത്. *കെട്ടപ്പെട്ട* ശത്രുവിനോടാണ് നാം പോരാടുന്നത്.

അതിനർത്ഥം പിശാച് ഇനി ഒരിക്കലും സജീവമായിരിക്കയില്ല എന്നാണോ? ഒരിക്കലുമല്ല. അതിനർത്ഥം സഭയെയും ക്രിസ്ത്യാനികളെയും അവൻ ഇനി നശിപ്പിക്കുവാൻ ശ്രമിക്കുകയില്ല എന്നാണോ?[35] അല്ല. അതിനർത്ഥം ഇനി പിശാച് കഴിയുന്നേടത്തോളം ആളുകളെ തന്നോടൊപ്പം നരകത്തിലേക്ക് കൊണ്ടുപോകയില്ല എന്നാണോ? അല്ല. ഓവൻ ക്രൗച്ച് ഇങ്ങനെ പറഞ്ഞു, "പരിമിതപ്പെടുത്തി, പക്ഷെ പരിസമാപ്തി വരുത്തിയില്ല."[36] "സാത്താനെ കെട്ടി" എന്നതിനർത്ഥം അവന്റെ ശക്തി കുറച്ചു എന്നാണ്. കർത്താവ് പല രീതിയിൽ സാത്താനെ പരിമിതപ്പെടുത്തിയിരിക്കുന്നു: അവന് വചനത്തെ നശിപ്പിക്കുവാൻ കഴിയുകയില്ല (മത്തായി 24:35; 1 പത്രൊസ് 1:25). അവന് സഭയെ നശിപ്പിക്കുവാൻ സാധ്യമല്ല (മത്തായി 16:18). പരിമിതമായിട്ടേ അവന് ക്രിസ്ത്യാനികളെ നശിപ്പിക്കുവാനും കഴിയുകയുള്ളു. അപ്പൊസ്തലന്മാരുടെ കാലത്തിൽ പിശാച് മനുഷ്യരുടെ ഇഛയെ നിയന്ത്രിച്ചതുപോലെ ഇനി നിയന്ത്രിക്കുവാൻ സാധ്യമല്ല. സഹിക്കാവുന്നതിലധികമായി ക്രിസ്ത്യാനികളെ അവന് പരീക്ഷിക്കുന്നതിനും സാധിക്കുകയില്ല (1 കൊരിന്ത്യർ 10:13; 2 പത്രൊസ് 2:9). വിശ്വസ്തരായവർ പിശാചിനോട് എതിർത്തു നിന്നാൽ അവൻ അവരെ വിട്ട് ഓടിപ്പോകും (യാക്കൊബ് 4:7; എഫെസ്യർ 6:16). ക്രൂശ് നിമിത്തം ഇപ്പോൾ സഹോദരന്മാരെ കുറ്റപ്പെടുത്തുവാൻ ഉള്ള അവന്റെ അവകാശം നഷ്ടമായി.

എന്ന് നാം കഴിഞ്ഞ ഒരു പാഠത്തിൽ മനസിലാക്കി (വെളിപ്പാട് 12:12).[37] ഇപ്പോഴത്തെ നമ്മുടെ വേദഭാഗത്തിൽ, സാത്താൻ നഷ്ടപ്പെട്ടവരെ വഞ്ചിക്കുന്നതിനെ പരിമിതപ്പെടുത്തി എന്നതിനാണ് ഊന്നൽ. കണ്ണ് തുറക്കുന്ന ഏതൊരാൾക്കും സുവിശേഷത്തിന്റെ ശോഭ ഇരുട്ടിൽ പ്രകാശിച്ച് പിശാചിന്റെ തന്ത്രങ്ങളെ വെളിപ്പെടുത്തി (2 കൊരിന്ത്യർ 2:11) ക്കൊടുക്കും.[38]

പണ്ട് കാലത്ത്, സാത്താനെ ബന്ധിക്കുന്നത് ഒരു കാട്ടുമൃഗത്തെ ചങ്ങലക്കിടുന്നതുമായി താരതമ്മ്യം ചെയ്തിട്ടുണ്ട്. നാം ആ മൃഗത്തിനടുത്ത് പോകാതിരിക്കുന്നേടത്തോളം, അത് അപശബ്ദം പുറപ്പെടുവിക്കയും മറ്റും ചെയ്തേക്കാം, പക്ഷെ നമ്മെ ഉപദ്രവിക്കുവാൻ സാധ്യമല്ല. ഏങ്ങനെയായാലും, അവന്റെ പ്രദേശത്തേക്ക് നാം കടന്നു ചെന്നാൽ, ബന്ധിച്ചാലും ഇല്ലെങ്കിലും, അവന് നമ്മെ കടിച്ചു കീറുവാൻ കഴിയും. ചിത്രീകരണം ഉപയോഗിച്ചുപയോഗിച്ച് പഴയതായി തീർന്നിരിക്കുന്നു. നാം കർത്താവിന്റെ തൊഴുത്തിലെ വിശ്വസ്തമായ ആട്ടിൻകൂട്ടമായി, "അവന്റെ നീതിപാതകളിൽ" (സങ്കീർത്തനങ്ങൾ 23:3) നടക്കുന്ന കാലത്തോളം സാത്താന് നമ്മിൽ വലിയ സ്വാധീനം ഒന്നും ചെലുത്തുവാൻ സാധ്യമല്ല.[39] "ദൈവത്താൽ ജനിച്ചവനെ" സംബന്ധിച്ചിടത്തോളം, യോഹന്നാൻ പറഞ്ഞത്, "പിശാചിന് അവനെ തൊടുവാൻ സാധ്യമല്ല" (1 യോഹന്നാൻ 5:18). എങ്ങനെയായാലും, നാം കൂട്ടത്തിൽനിന്നകന്നു പോയാൽ, നമ്മുടെ പ്രതിയോഗി "അലറിക്കൊണ്ടുവരും" നമ്മെ വിഴുങ്ങുവാൻ (1 പത്രൊസ് 5:8).

ഒരിക്കൽ കൂടെ, നമ്മുടെ വേദഭാഗത്തിലേക്ക് തിരിച്ചു വരാം: ദൂതൻ "സർപ്പത്തെ ബന്ധിച്ച് അഗാധകൂപത്തിലേക്ക് തള്ളിയിട്ട് അടച്ചു മുദ്രയിട്ടതിനാൽ അവന് ഇനി ജാതികളെ വഞ്ചിക്കുവാൻ സാധ്യമല്ല" (വെളിപ്പാട് 20:3). അടെച്ച് മുദ്രയിട്ട അഗാധകൂപത്തെ പിന്നീട് സാത്താന്റെ "തടവ്" ആയിട്ടാണ് പറഞ്ഞത് (20:7). അടെച്ചു മുദ്രയിട്ടു എന്നത് സാത്താന്റെ ശക്തി വാസ്തവത്തിൽ കുറച്ചു എന്നാണ്, അതിനർത്ഥം അവന്മേലുള്ള ദൈവിക നിയന്ത്രണം ലംഘിക്കുവാൻ അവന് കഴിയുകയില്ല എന്നാണ് (ഈ പാഠത്തിന്റെ അവസാനം വരുന്ന "സാത്താനെ ആയിരം ആണ്ട് കഴിയുവോളം ബന്ധിച്ചു" എന്ന ചിത്രീകരണം നോക്കുക).

**ആലങ്കാരിക "അൽപകാലം"?**

"ആയിരം ആണ്ട് കഴിഞ്ഞ ശേഷം, അവനെ അൽപകാലത്തേക്ക് അഴിച്ചു വിടേണ്ടതാകുന്നു" എന്നു പറഞ്ഞുകൊണ്ടാണ് നമ്മുടെ പുസ്തകം അവസാനിപ്പിക്കുന്നത് (വാ. 3). "ധാർമ്മികമായ ആവശ്യത്തെ" ആണ് "മസ്റ്റ്" എന്ന വാക്ക് സൂചിപ്പിക്കുന്നത്. "അൽപകാലത്തേക്ക്" ("കുറച്ചു കാലം"; കെജെവി) പിശാചിനെ അഴിച്ച് വിടേണം എന്നതിന്റെ അർത്ഥം എന്തായാലും, അത് ദൈവ പദ്ധതിയുടെ ഭാഗമായിരുന്നു. "അൽപകാലം" എന്നത് ഒരുപക്ഷെ "ആയിരം ആണ്ടിന്റെ" വ്യത്യാസത്തെയാകാം കാണിക്കുന്നത്. സാത്താനെ അഴിച്ചുവിടുന്നത് "കെട്ടുന്നതു" മായി താരതമ്യം ചെയ്താൽ "അഴിച്ചുവിടുന്നത്" അപ്രസക്തമാണെന്ന് കാണാം.

സാത്താനെ അഴിച്ചുവിടുന്നതും അവന്റെ അന്തിമസ്ഥാനവും 20:7–10-ൽ വിവരിച്ചിരിക്കുന്നു. പിന്നീടുള്ള ഒരു പാഠത്തിൽ നാം ആ വേദഭാഗം പഠിക്കും.

**ഉപസംഹാരം**


ഇപ്പോൾ, സാത്താനെ ബന്ധിച്ചിരിക്കുന്നു എന്ന ആശയത്തിൽ ശ്രദ്ധി ക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ക്രൂശ് അവനെ പരാജയപ്പെടുത്തി. സാത്താനെ ബന്ധിച്ചുകൊണ്ട് നമ്മെ സ്വതന്ത്രരാക്കി![41] അത് നമ്മെ സന്തോ ഷിപ്പിക്കുന്നു.

കൂടാതെ, നമ്മുടെ വ്യക്തിപരമായ പ്രവർത്തികൾക്കുള്ള ഉത്തരവാദിത്വം നമ്മിൽത്തന്നെ ആക്കുന്നു. "പിശാച് ഞങ്ങളെക്കൊണ്ട് ചെയ്യിച്ചു" എന്ന് ചിലർ ഒഴികഴിവ് പറയുന്നുണ്ട്. പിശാചിന് നമ്മെ ഭീഷണിപ്പെടുത്താം, പിശാചിന് ന മ്മെ പരീക്ഷിക്കാം, നമ്മിൽ ആശ കാട്ടി നമ്മെ ചതിക്കാം – എന്നാൽ പിശാചിന് ആരെയും നിർബ്ബന്ധിച്ച് ഒന്നും *ചെയ്യിക്ക*ുവാൻ സാധ്യമല്ല. അവൻ ബന്ധി തനാണ്. അതുകൊണ്ട്, നമ്മുടെ സ്വന്ത പ്രവർത്തികൾക്ക് നാം തന്നെയാണ് ഉത്തരവാദികൾ. "നാം ഓരോരുത്തരും ദൈവത്തിന് കണക്ക് കൊടുക്കേണ്ട വരാണ്" (റോമർ 14:12). നിങ്ങൾ നഷ്ടപ്പെട്ടിരിക്കുകയാണെങ്കിൽ, അതിന് നി ങ്ങൾ മാത്രമാണ് ഉത്തരവാദി![42]

---

**പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ**

നിങ്ങൾ സാത്താനെ ബന്ധിക്കുന്നത് ചർച്ച ചെയ്യുമ്പോൾ, നിങ്ങൾക്ക് വേണമെങ്കിൽ ഈ ലളിതമായ ഡയഗ്രം ഉപയോഗിക്കാം.




പാപം മൂലമാണ് സാത്താന്റെ ശക്തി മനുഷ്യനിലേക്ക് വരുന്നത് (ഉൽപത്തി 3 എടുത്ത് ഇത് ചിത്രീകരിക്കാം.) പാപം ദൈവത്തേയും ദൈവവഴികളേയും അറിയാതാക്കുന്നു. ആദാമിന്റെ പാപഫലമായി ഭൗതികമരണം കടന്നുവന്നു. പാ പം മനുഷ്യനിലേക്ക് വേദന കൊണ്ടുവന്നു. സുവിശേഷ പ്രസംഗം ആ കുറ്റം നീക്കുവാനുള്ളതാകുന്നു – അത് നിത്യജീവന്റെ പ്രത്യാശ പ്രദാനം ചെയ്യുന്നു.

---

കുറിപ്പുകൾ

[1]ജി. ബി. കെയിഡ്, *ഏ കമെന്ററി ഓൺ ദ റെവലേഷൻ* ഓഫ് സെന്റ്. ജോൺ ദ ഡിവൈൻ (ലണ്ടൻ: ആഡം & ചാൾസ് ബ്ലാക്ക്, 1966), 249. [2]ജോൺ റിസേ, "*ദ മീനിങ്ങ് ഓഫ് ദ മില്ലെനിയം*" സെർമൺ പ്രീച്ച്ഡ് അറ്റ് ദ സതേൺ ഹിൽസ് ചർച്ച് ഓഫ് ക്രൈസ്റ്റ്, (അബിലീൻ, ടെക്സാസ്, 30 ജൂൺ 1991). ഏ "കുക്ക്" എന്നത് വിചിത്ര സ്വഭാവമുള്ള ഒരാളാണ്, നിങ്ങളുടെ പ്രദേശത്തിന് യോജിച്ച അത്തരം ഒരാളെ പകരം ഉപയോഗിക്കാം. [3]ഫ്രാങ്ക് പാക്ക്, *റെവലേഷൻ*, പാർട്ട്, 2. ദ ലിവിങ് വേഡ് സീരീസ് (ആസ്റ്റിൻ, ടെക്സ്: ആർ. ബി. സ്വീറ്റ് കമ്പനി., 1965), 45 [4]ഡഗ്ലസ്

എസെൽ, *റെവലേഷൻസ് ഓൺ റെവലേഷൻ: ന്യൂ സൗണ്ട്സ് ഫ്രം ഓൾഡ് സിമ്പൽസ്* (വാകോ: ടെക്സ്.: വേഡ് ബുക്സ്, 1977), 88–89. [5]ഡബ്ല്യുബി. വെസ്റ്റ്. ജൂനിയർ., *റെവലേഷൻ ത്രു ഫസ്റ്റ് സെഞ്ചുറി ഗ്ലാസസ്*, എഡി., ബോബ് പ്രിച്ചാർഡ് (ന്യാഷിലേ: ഗോസ്പൽ അഡ്വേക്കേറ്റ് കമ്പനി., 1997), 133. [6]*വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "വെളിപ്പാടിനെ കുറിച്ച് നിങ്ങൾ അറിയേണ്ട അഞ്ചു വസ്തുതകൾ" എന്ന പാഠം നോക്കുക. [7]അഡാപ്റ്റഡ് ഫ്രം ജിം മെക്ഗ്വിഗിൻ. *ദ ബുക്ക് ഓഫ് റെവലേഷൻ: ലുക്കിങ് ഇൻടു ദ ബൈബിൾ സീരീസ്* (ലബ്ബക്ക്. ടെക്സ്.: ഇന്റർനാഷ്ണൽ ബിബിളിക്കൽ റിസോഴ്സസ്, 1976), 287. [8]*വെളിപ്പാട്, 1* എന്ന പുസ്തകത്തിലുള്ള "ഞങ്ങൾ ജയിച്ചിരിക്കയാൽ ദൈവത്തിന് സ്തോത്രം" എന്ന പാഠം നോക്കുക. [9]*വെളിപ്പാട്, 3* എന്ന പുസ്തകത്തിലെ "നിന്റെ ശത്രുവിനെ അറിയുക" എന്ന പാഠം നോക്കുക. [10]*വെളിപ്പാട്, 1* എന്ന പുസ്തകത്തിലുള്ള "ഞങ്ങൾ ജയിച്ചിരിക്കയാൽ ദൈവത്തിന് സ്തോത്രം" എന്ന പാഠം നോക്കുക.

[11]നാം കാണുവാൻ പോകുന്നതുപോലെ, സാത്താനെ കെട്ടൽ ആരംഭിക്കുന്നത് യേശുവിന്റെ ജനനത്തോടുകൂടെയാണ്. അദ്ധ്യായം 19 ന്റെ അവസാനം പറയുന്ന "യുദ്ധത്തോടെ" ആണ് അദ്ധ്യായം അവസാനിക്കുന്നത് എന്ന് നാം നിരീക്ഷിക്കുകയുണ്ടായി. [12]അദ്ധ്യായം 19-ൽ റോമാ സാമ്രാജ്യത്തിന്റെ വക്കുകളിൽ അപ്പോഴും ആളുകളുള്ളതിനെ കുറിച്ച് പറയുന്നത് ഒരു പ്രശ്നമാണെന്ന് ആയിരാമാണ്ട് വാഴ്ച്ചക്കാർക്ക് അറിയാം. [13]റേ സമ്മേഴ്സ്, *വർതി ഈസ് ദ ലാമ്പ്* (നാഷിലേ: ബ്രോഡ്മാൻ പ്രസ്, 1951), 202. (എംഫസിസ് ഹിസ്.) [14]"ഞാൻ കണ്ടു" എന്നത് വെളിപ്പാടിലെ ഒരു സാഹിത്യ പ്രയോഗമാണ് പ്രത്യേകിച്ച് ഇവിടെ ഒരു പുതിയ ആശയം പരിചയപ്പെടുത്തുവാൻ (20:1, 4 രണ്ട് പ്രാവശ്യവും, 11, 12; 21:1, 2 നോക്കുക). [15]ഈ ദൂതൻ യേശുവാണെന്ന് ചിലർ വിശ്വസിക്കുന്നു, എന്നാൽ കർത്താവ് ഉപയോഗിച്ച അനേക ദൂതന്മാരിൽ ഒരാളായിട്ട് മാത്രമെ സന്ദർഭം വ്യക്തമാക്കുന്നുള്ളു. [16]മൂല ഗ്രന്ഥത്തിൽ "അവന്റെ കൈയിൽ" എന്നാണ്, ദൂതന്റെ കയ്യിൽ ചങ്ങല തൂങ്ങി കിടക്കുന്നതായിട്ടാണ് നാം വരച്ചിരിക്കുന്നത്. [17]*വെളിപ്പാട്, 3* എന്ന പുസ്തകത്തിലെ "പാപത്തിന്റെ സ്വയ-നശീകരണ സ്വഭാവം" എന്ന പാഠത്തിലെ അഗാധകൂപത്തെ കുറിച്ചുള്ള പരാമർശം നോക്കുക. [18]*വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "കർത്താവ് അറിയുന്നു" എന്ന പാഠത്തിലെ "മരണത്തിന്റേയും പാതാളത്തിന്റേയും താക്കോൽ" യേശുവിന്റെ കയ്യിലുണ്ട് (1:18) എന്നതിന്റെ കുറിപ്പ് നോക്കുക. [19]വെസ്റ്റ്, 133. [20]"യെയിൽ" ഒരു പൂട്ടിന്റെ പേരാണ്. നിങ്ങളുടെ ശ്രോതാക്കൾക്ക് പരിചയമുള്ള കമ്പനിയുടെ പേർ ഉപയോഗിക്കുക.

[21]റോബർട്ട് മൗൺസ്, *ദ ബുക്ക് ഓഫ് റെവലേഷൻ.* ദ ന്യു ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യടെസ്റ്റമെന്റ് സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ല്യു എം. ബി. ഏഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1977), 352. [22]"ആയിരം" എന്ന വാക്ക് പലപ്പോഴും തിരുവെഴുത്തിൽ ആലങ്കാരിക ഭാഷയിലാണ് ഉപയോഗിച്ചിരിക്കുന്നത്. ഉദാഹരണത്തിന്, സങ്കീർത്തനങ്ങൾ 50:10. നാം അതുപോലെ ഉപയോഗിക്കുന്ന വാക്കാണ് "ഞാൻ ഒരു *ആയിരം* പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്." [23]തോമസ് എഫ്. ടൊറാൻസ്, *ദ അപോകാലിപ്സ് ടുഡേ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ല്യുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1959), 133. [24]*വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "ഇവിടെ ഇതാ സർപ്പം" എന്ന പാഠത്തിലെ "പത്ത്" എന്ന സംഖ്യയെ ചർച്ച ചെയ്തിരിക്കുന്നത് നോക്കുക. [25]പഴയനിയമം പരിചയമുള്ളവർ സമാഗമന കൂടാരത്തിലെ അതിവിശുദ്ധ സ്ഥലത്തിന് പത്ത് ചതുരശ്ര അടി നീളവും പത്ത് ചതുരശ്ര അടി വീതിയും പത്ത് ചതുരശ്ര അടി ഉയരവും ഉള്ള പൂർണ്ണമായ ഒരു ക്യൂബ് ആകൃതി ആണ് ഉണ്ടായിരുന്നതെന്ന് കരുതുന്നു. ദൈവാലയത്തിന് ഇരുപത് ചതുരശ്ര അടി നീളവും ഇരുപത് ചതുരശ്ര അടി

ഉയരവും ഇരുപത് ചതുരശ്ര അടി വീതിയും ആണ് ഉണ്ടായിരുന്നത് [1 രാജാക്കന്മാർ 6:20]. (സാധാരണ നിയമമനുസരിച്ച്,സമാഗമനകൂടാരത്തിന്റെ ഇരട്ടി വലുപ്പമായിരുന്നു തദൈവാലയത്തിന്.) [26]*വെളിപ്പാട്, 3* എന്ന പുസ്തകത്തിലെ "അടുത്തയിടെ ഏതെങ്കിലും സർപ്പത്തെ കൊന്നോ?" എന്ന പാഠത്തിലെ 12:9–12 നലെ കുറിപ്പുകൾ നോക്കുക. [27]ഇബിഡ്. [28]പ്രവൃത്തികൾ 5:3; 2 കൊരിന്ത്യർ 2:11; 11:14; എഫെസ്യർ 2:2; 6:11; 1 തെസലൊനിക്യർ 2:18; 2 തിമൊഥെയൊസ് 2:26; 1 പത്രൊസ് 5:8; വെളിപ്പാട് 2:13; 3:9. [29]ഒരു എഴുത്തുകാരൻ വിശ്വസിക്കാൻ ഒരുക്കമില്ലാത്തതുപോലെ, "സാത്താനെ ബന്ധിച്ച് ക്രിസ്തു *വാഴുന്നു*വോ?" എന്നു ചോദിച്ചിരിക്കുന്നു. സാത്താനെ ബന്ധിച്ചിരിക്കുന്ന കാര്യത്തിൽ തടസവാദമുന്നയിക്കുന്നതുപോലെ ക്രിസ്തു ഇപ്പോൾ വാഴുന്നു എന്ന കാര്യത്തിലും തടസങ്ങൾ ഉന്നയിക്കുന്നുണ്ട്. വെളിപ്പാട്, 3 എന്ന പുസ്തകത്തിലെ "അവസാന കാഹളം" എന്ന പാഠത്തിൽ കർത്താവ് ഇപ്പോൾ വാഴുന്നു എന്ന പരാമർശം നോക്കുക. [30]പ്രവൃത്തികൾ 27 ഉം 28 ഉം വായിക്കുക, കൂടാതെ പൗലൊസ് തന്റെ ആദ്യ തടവുകാലത്ത് എഴുതിയ എഫെസ്യർ, ഫിലിപ്പിയർ, കൊലൊസ്യർ, ഫിലെമോൻ എന്നീ ലേഖനങ്ങൾ നോക്കുക.

[31]സാത്താനെ ബന്ധിച്ചത് "ശിക്ഷയായിട്ടല്ല" പിന്നെയോ "പ്രതിരോധത്തിനായിട്ടാണ്" എന്നാണ് ഹോമർ ഹെയ്‌ലി പറഞ്ഞത് (ഹോമർ ഹെയ്‌ലി, *റെവലേഷൻ: ആൻ ഇൻട്രൊഡക്ഷൻ ആന്റ് കമെന്ററി* [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1979], 391). [32]സാത്താനെ കെട്ടിയതിനെ കുറിച്ചു നൽകിയ വേദഭാഗങ്ങളെ വീണ്ടും നിങ്ങൾക്ക് നോക്കാം ഒരിക്കൽ അവ പറഞ്ഞതുകൊണ്ട് താഴെ കൊടുക്കുന്ന ചുരുക്ക സംഭവത്തിൽ അവ ആവർത്തിച്ചിട്ടില്ല. നിങ്ങൾ ഇത് ഒരു ക്ലാസ് റൂമിൽ അവതരിപ്പിക്കുകയാണെങ്കിൽ, നിങ്ങൾക്ക് വേണമെങ്കിൽ ആ വേദഭാഗങ്ങൾ ശ്രോതാക്കളുടെ പ്രയോജനത്തിനായി വീണ്ടും പറയാം. [33]*വെളിപ്പാട്, 3* എന്ന പുസ്തകത്തിലെ "അടുത്തയിടെ നിങ്ങൾ ഏതെങ്കിലും സർപ്പത്തെ കൊന്നോ?" എന്ന പാഠത്തിലെ 12:11 ന്റെ പരാമർശം നോക്കുക. [34]*വെളിപ്പാട്, 3* എന്ന പുസ്തകത്തിലെ, "ഒരു യുദ്ധം നടന്നുകൊണ്ടിരിക്കുന്നു," "അടുത്തയിടെ നിങ്ങൾ ഏതെങ്കിലും സർപ്പത്തെ കൊന്നോ?" എന്നീ പാഠങ്ങൾ നോക്കുക. [35]ബന്ധിക്കപ്പെട്ടശേഷവും സാത്താൻ ക്രിസ്ത്യാനികളെ കൊന്നുകൊണ്ടിരിക്കുന്നു. [36]ഓവൻ എൽ.ക്രൗച്ച്, *എക്സ്പോസിറ്ററി പ്രീച്ചിങ് ആന്റ് ടീച്ചിങ്: റെവലേഷൻ* (ജോപ്ലിൻ മോ.: കോളേജ് പ്രസ് പബ്ലിഷിങ് കമ്പനി., 1985), 348. [37]*വെളിപ്പാട്, 3* എന്ന പുസ്തകത്തിലെ "നിങ്ങൾ അടുത്തയിടെ ഏതെങ്കിലും സർപ്പത്തെ കൊന്നോ?" എന്ന പാഠത്തിലെ കുറ്റാരോപകനായ സാത്താൻ എന്ന പരാമർശം നോക്കുക. [38]ഇതിനു പുറമെ പിശാചിനെ ഏതെല്ലാം വിധത്തിൽ നിയന്ത്രിച്ചിരിക്കുന്നു എന്ന് നിങ്ങൾക്ക് പറയുവാൻ കഴിഞ്ഞേക്കാം. ഉടനെയുള്ള സന്ദർഭം വ്യക്തമാക്കുന്നത്, സാത്താൻ സ്വാധീനം ചെലുത്തി കൊന്ന ക്രിസ്ത്യാനികൾ ഇപ്പോൾ ക്രിസ്തുവുമായി വാഴുന്നു. അവന് അവരെ കൊല്ലാം, പക്ഷെ നശിപ്പിക്കുവാൻ സാധ്യമല്ല. അവന് അവരുടെ ജീവിതം അവസാനിപ്പിക്കാം, പക്ഷെ അവരുടെ വിജയം ഇല്ലാതാക്കുവാൻ സാധ്യമല്ല എന്നാണ്. [39]അവന് നമ്മെ ഭൗതികമായി കൊല്ലുവാൻ കഴിഞ്ഞേക്കാം, പക്ഷെ നാം കർത്താവിനോട് പറ്റിച്ചേർന്നിരുന്നാൽ നമ്മുടെ ആത്മിയത ഇല്ലാതാക്കുവാൻ അവന് കഴിയുകയില്ല. [40]ദർശനത്തിൽ, ക്രിസ്തുവിന്റെ കല്ലറ അടച്ചു മുദ്രയിട്ടതുപോലെ അഗാധകൂപം മുദ്രയിട്ടിരുന്നു (മത്തായി 27:66). ഒരു മുദ്രയുള്ളതുകൊണ്ട് അറിയാതെ ആർക്കും അകത്തു കടക്കുവാനോ പുറത്തു കടക്കുവാനോ സാധ്യമല്ല എന്നാണ് വ്യക്തമാക്കുന്നത്.

[41]അഡാപ്റ്റഡ് ഫ്രം എൽഡ്രഡ് എക്കോൾസ്, *ഹാവ് ഇൻടുയു ഹേർഡ്?ദേർ ഈസ് ഏ വാർ ഗോയിങ് ഓൺലോക്കിങ് ദ കോഡ് ടു റെവലേഷൻ* (ഫോർട്ട്വർത്ത്,

ടെക്സ്: സ്വീറ്റ് പബ്ലിഷിങ്, 1995), 44. [42]നിങ്ങൾ ഇത് ഒരു പ്രസംഗമായി അവതരിപ്പിക്കുകയാണെങ്കിൽ, സദസ്യർ കർത്താവിനെ അനുസരിക്കുവാൻ പ്രചോദിപ്പിക്കുകയും - അതിനായി അപേക്ഷിക്കുകയും ചെയ്യുക. "എന്റെ ജനമേ, അവളിൽനിന്ന് പുറപ്പെട്ട് വരുവിൻ" എന്ന പാഠത്തിലെ അവസാന വാക്കുകൾ നോക്കുക.

---

**ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ**

1. വെളിപ്പാട് 20 നെ കുറിച്ചോ അല്ലെങ്കിൽ അവിടെ പറയുന്ന ആയിരാമാണ്ടിനെ കുറിച്ചോ നിങ്ങൾ അസാധാരണമായി എന്തെങ്കിലും കേട്ടിട്ടുണ്ടോ?
2. അപോകാലിപ്റ്റിക് ഭാഷ എങ്ങനെ അടയാളങ്ങളിൽകൂടെ അതിന്റെ ആശയം വ്യക്തമാക്കുന്നു എന്നു പറയുക. അത് എങ്ങനെ അദ്ധ്യായം 20-ൽ ബന്ധപ്പെട്ടിരിക്കുന്നു?
3. വെളിപ്പാട് ആരംഭം മുതൽ അവസാനം വരെ കാലനിർണ്ണയപ്രകാരമാണോ? അത് എങ്ങനെ അദ്ധ്യായം 20 മായി ബന്ധപ്പെട്ടിരിക്കുന്നു?
4. 20:1-10 ലെ പ്രാഥമിക സന്ദേശം എന്ത്? ഏതു വിധത്തിലാണ് ഇത് ഒരു ആവേശകരമായ സന്ദേശമെന്ന് പാഠം പറയുന്നത്?
5. മുൻപ് നാം അഗാധകൂപത്തെ പറ്റി പഠിച്ചത് അവലോകനം നടത്തുക. അഗാധകൂപം ഗന്ധകം കത്തുന്ന തീപ്പൊയ്ക (നരകം) ആണോ?
6. താക്കോലും ചങ്ങലയും അക്ഷരികമാണോ? 20:1-10-ൽ വേറെ ഏതെല്ലാം സിമ്പൽസ് കാണുന്നു?
7. 20:2 ലെ സർപ്പം ആരാണ്? സർപ്പത്തിന് ഉപയോഗിച്ചിരിക്കുന്ന വാക്കുകളുടെ പ്രാധാന്യം അവലോകനം നടത്തുവാൻ 12:9 ലെ പരാമർശങ്ങൾ നോക്കുക.
8. "പത്ത്" എന്ന സംഖ്യയുടെ ആലങ്കാരിക പ്രാധാന്യമെന്ത്? "ആയിരം" എന്ന സംഖ്യയുടെ ആലങ്കാരിക പ്രാധാന്യമെന്ത്?
9. മത്തായി 12:9 ന്റെ സന്ദർഭം പരിശോധിച്ച് ആ സംഭവം വിശദമാക്കുക. യേശു പറയുന്ന ബലവാനെ പിടിച്ചുകെട്ടുന്നതിന്റെ പ്രാധാ ്യം എന്താണ്?
10. സാത്താനെ കെട്ടുന്നത് യേശുവിന്റെ ജനനത്തോടെ ആരംഭിച്ച്, അവന്റെ മരണം, ഉയിർപ്പും അരോഹണവും അതിന്റെ മൂർദ്ധന്യമാകുന്നു എന്ന് പാഠം പറയുന്നു. അതങ്ങനെ തന്നെയോ എന്ന് വാക്യങ്ങൾ പരിശോധിച്ച് ഉറപ്പ് വരുത്തുക.
11. "കെട്ടൽ" എന്ന വാക്കിന്റെ അർത്ഥം "പൂർണ്ണമായും അശക്തനാക്കുക" അല്ലെങ്കിൽ "പ്രവർത്തിക്കുവാൻ കഴിവില്ലാതാക്കുക" എന്നാണോ?
12. ജാതികളെ വഞ്ചിക്കുന്ന കാര്യത്തിൽ ഇന്ന് ഏതു വിധത്തിലാണ് സാത്താൻ "ബന്ധിക്കപ്പെട്ടിരിക്കുന്നത്"?
13. സാത്താൻ ഇന്നും സജീവമാണെങ്കിലും, ഏതെല്ലാം വിധത്തിലാണ് അവൻ "ബന്ധിക്കപ്പെട്ടിരിക്കുന്നത്"?
14. മൃഗത്തെ ചങ്ങലകൊണ്ട് ബന്ധിച്ചിരിക്കുന്ന ചിത്രീകരണം സഹായകരമാണോ? വ്യക്തിപരമായ ഉത്തരവാദിത്വത്തെ കുറിച്ച് ഈ ചിത്രീകരണം എന്തു പറയുന്നു?



**സാത്താനെ ആയിരമാണ്ട് കഴിയുവോളം ബന്ധിക്കുന്നു**
**(20:1–3)**